**മുണ്ടക്കയം ഗ്രൂപ്പിൽപെട്ട എരുമേലി ദേവസ്വത്തിലെ കൊല്ലവർഷം 1200എം ഇ മണ്ഡല മകരവിളക്ക് , മേടവിഷു , മാസപൂജ അടിയന്തിരങ്ങളോടനുബന്ധിച്ച് (2024-25) ഏർപ്പെടുത്തേണ്ട കുത്തകകളുടെ ഇ-ടെൻഡർ പരസ്യങ്ങളുടെ പൊതു നിബന്ധനയിൽ ഉള്ള തിരുത്ത് നിബന്ധന.**

---

ഒന്നാമത്തെ പാരഗ്രാഫിൽ 10-മത്തെ ലൈനിൽ ഫോൺ നമ്പരിന് ശേഷം 2022-23 സാമ്പത്തിക വർഷത്തെ ഇൻകംടാക്സ് റിട്ടേൺ ഫയൽ ചെയ്തതിൻറെ കോപ്പി 5ലക്ഷം രൂപാവരെയുള്ള കുത്തക ഇനങ്ങൾക്ക് ബാധകമല്ല എന്ന് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. ടി പാരഗ്രാഫിൽ 14-മത്തെ ലൈനിൽ ജി എസ് ടി സമ്മറി സ്റ്റേറ്റ്മെൻറിന് പകരമായി ജി എസ് ടി രജിസ്ട്രേഷൻറെ കോപ്പി നിർബന്ധമായും സമർപ്പിക്കേണ്ടതുമാകുന്നു എന്നും ടി പാരഗ്രാഫിൽ 16-മത്തെ ലൈനിൽ രസീതിൻറെ പകർപ്പിന് ശേഷം കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് എന്നുകൂടി ഉൾപ്പെടുത്തി നിബന്ധനയിൽ ഭേദഗതി വരുത്തിയിട്ടുള്ളതാകുന്നു.

പത്താമത്തെ പാരഗ്രാഫിൽ 3-മത്തെ ലൈനിൽ അഞ്ച് ദിവസം എന്നതിന് പകരം അഞ്ച് പ്രവർത്തി ദിവസം എന്നും ലൈൻ 13ൽ ഉത്തരവാദി ആയിരുന്നതിന് ശേഷം ആയത് കുത്തകക്കാരൻറെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും നിയമനടപടികളിലൂടെ ഈടാക്കി എടുക്കുന്നതായിരിക്കും എന്ന് കൂടി ഉൾപ്പെടുത്തി നിബന്ധനയിൽ ഭേദഗതി വരുത്തിയിട്ടുള്ളതാകുന്നു.

പരിഷ്കരിച്ച നിബന്ധനയിൽ ക്രമനമ്പർ 11 ആയി കുത്തക തുക ബാങ്കിൽ അടയ്ക്കുന്നതിൻറെ വിവരങ്ങൾ ചേർത്തിട്ടുള്ളതും പഴയ നിബന്ധനയിലെ ഖണ്ഡിക 11 പുതിയ നിബന്ധനയിൽ 12 ആയി തുടർന്ന് പോകുന്നതുമാകുന്നു.

പാരഗ്രാഫ് 11ൽ മൂന്നാമത്തെ ലൈനിൽ ഡിപ്പാർട്ട്മെൻറിലേയ്ക്ക് മുതൽകൂട്ടുന്നതിനു ശേഷം കരാർ റദ്ദ് ചെയ്ത് ടി ഇനത്തിന് ആവർത്തനടെൻഡർ നടത്തുന്നതും എന്ന് ഭേദഗതി ചെയ്തിട്ടുള്ളതാണ്.ടി പാരഗ്രാഫിൽ 5-മത്തെ ലൈനിൽ നഷ്ടം സംഭവിച്ചാൽ എന്നതിന് ശേഷം ആദ്യ ടെൻഡറുകാരൻ ഉത്തരവാദിയായിരിക്കുന്നതും ഉണ്ടാകുന്ന നഷ്ടം ഈടാക്കുവാനുള്ള നിയമ നടപടികൾ ആദ്യകുത്തകക്കാരൻറെ പേരിൽ സ്വീകരിക്കുന്നതുമായിരിക്കും എന്ന് ഭേദഗതി ചെയ്തിട്ടുള്ളതാണ്.

ഖണ്ഡിക 13ൽ ഒന്നാമത്തെ ലൈനിൽ ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് വരുന്ന മുറയ്ക്ക് എന്നതിന് പകരം ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് എന്നാക്കിയിട്ടുള്ളതും 4-മത്തെ ലൈനിൽ എന്ന പേർക്ക് കഴിഞ്ഞ് സോൾവൻസി സർട്ടിഫിക്കറ്റ് എന്ന് കൂട്ടിചേർത്തിട്ടുള്ളതും 5-മത്തെ ലൈനിൽ അറിയിപ്പ് ലഭിച്ച് കൃത്യം 7 ദിവസത്തിനകം എന്നത് 20 ദിവസത്തിനകം എന്നും 9-മത്തെ ലൈനിൽ നിയമാനുസൃതമായി 200/- രൂപ മുദ്രപത്രത്തിൽ എന്നതിന് പകരം നിയമാനുസൃതം മുദ്രപത്രത്തിൽ എന്നും 11-മത്തെ ലൈനിൽ ഉടമ്പടി വയ്ക്കേണ്ടതാണ് എന്നതിന് പകരം ഉടമ്പടിവെച്ച് കുത്തക ഏൽക്കേണ്ടതും എന്നും, 20-മത്തെ ലൈനിൽ ചെക്ക് തിരികെ നൽകുകയുള്ളൂ എന്നതിന് ശേഷം കുത്തക സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് 20

ദിവസത്തിനകം ലേലതുക പൂർണ്ണമായും ഒടുക്കുവരുത്തുന്ന പക്ഷം ബാങ്ക് ഗ്യാരൻറി ,സോൾവൻസി സർട്ടിഫിക്കറ്റ്,ചെക്ക് എന്നിവ ഹാജരാക്കേണ്ടതില്ലാത്തതാണ് എന്നും കൂടി ചേർത്തിട്ടുള്ളതാകുന്നു.

ഖണ്ഡിക 14ൽ രണ്ടാമത്തെ ലൈനിൽ മറ്റ്കക്ഷികളെ കൂട്ടുകക്ഷികളാക്കുന്നതിനോ എന്നതിന് ശേഷം കീഴ്‌വാടകയ്ക്ക് കൊടുക്കുന്നതിന് അനുവദിക്കുന്നതല്ല എന്ന് ചേർത്തിട്ടുള്ളതും ,ഖണ്ഡിക 17ൽ 5- മത്തെ ലൈനിൽ ഹെൽത്ത്കാർഡ് നേടിയിരിക്കേണ്ടതാണ് എന്ന് ചേർത്തിട്ടുള്ളതും ,ഖണ്ഡിക 24ൽ ഒന്നാമത്തെ ലൈനിൽ ക്ഷേത്രമര്യാദകൾ എന്നതിന് പകരം ക്ഷേത്ര ആചാരമര്യാദകൾ എന്ന് ഭേദഗതി വരുത്തിയിട്ടുള്ളതും 25-മത്തെ ഖണ്ഡികയിൽ ഒന്നാമത്തെ ലൈനിൽ ലാട്രിനും പ്ലോട്ടുകളും കുത്തക ഏർപ്പെടുന്നവർ എന്നതിനുശേഷം ആയവ ശുചിയായി സൂക്ഷിക്കേണ്ടതും അവരവരുടെ പ്രവർത്തന പരിധിയിൽ വരുന്ന സ്ഥലങ്ങളിലും പരിസരങ്ങളിലും ഉണ്ടാകുന്ന വേസ്റ്റുകളും മറ്റും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെയും ദേവസ്വം ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾക്കനുസരിച്ച് സ്വന്തം ചിലവിൽ നീക്കം ചെയ്ത് അപ്പപ്പോൾതന്നെ വൃത്തിയായി സൂക്ഷിക്കേണ്ടതും എന്ന് കൂടി കൂട്ടിചേർത്ത് ഭേദഗതി വരുത്തിയിട്ടുള്ളതും ,27-മത്തെ ഖണ്ഡികയിൽ ദേവസ്വം ഓഫീസിൽ ഹാജരാക്കേണ്ടതാണ് എന്നതിന് പകരം എരുമേലി അഡ്മിനിസ്ട്രേറ്റീവ് ആഫീസിൽ എന്ന് ഭേദഗതി വരുത്തിയിട്ടുള്ളതുമാകുന്നു.

ഖണ്ഡിക 35 ആയി ടെൻഡർ ലേലം സ്ഥിരപ്പെടുത്തുന്നതിനും ,നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ് എന്ന് പുതിയതായി ചേർത്ത് നിബന്ധന ഭേദഗതി വരുത്തിയിട്ടുള്ളതാണ്.

ആകയാൽ ഒന്നാംഘട്ട ഇ-ടെൻഡർ ലേല നടപടികൾക്ക് ശേഷം കൂടിയ ഇ-ടെൻഡർ ഇവാല്യുവേഷൻ കമ്മറ്റിയിൽ എരുമേലി ദേവസ്വത്തിലെ ഇ-ടെൻഡർ വ്യവസ്ഥകളിൽ ചിലമാറ്റങ്ങൾ നിർദ്ദേശിക്കുകയും ആയത് ശബരിമലയിലെ ക്രമം ഭേദഗതി വരുത്തണമെന്ന് ടെൻഡർ ഇവാല്യൂവേഷൻ കമ്മറ്റി നിർദ്ദേശിക്കുകയും ചെയ്തതനുസരിച്ച് നിലവിലെ നിബന്ധനയിൽ ആവശ്യമായ ഭേദഗതി വരുത്തി തയ്യാറാക്കിയ നിബന്ധനയും ,തിരുത്തുനിബന്ധനയും അംഗീകരിച്ച് ഉത്തരവുണ്ടാകുന്നതിലേയ്ക്കായി ഇതു സഹിതം ചേർത്തയച്ച് വിവരം അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

Deputy Devaswom Commissioner
Pathanamthitta

May be approved
16/1/24
Devaswom Commissioner

Approved
Secretary